# കാനഡയിൽ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് പ്രതി പിടിയിൽ

കാനഡയിൽ ജോലി വാഗാദാനം ചെയ്ത് ഒട്ടേറെപ്പേരിൽ നിന്നും ലക്ഷങ്ങൾ തട്ടിയെടുത്ത് മുങ്ങിയ പ്രതിയെ കല്ലൂർക്കാട് പോലീസ് അറസ്റ്റ് ചെയ്തു..

പാലക്കാട് കരിമ്പാറ, കട്ടപാറ വീട്ടിൽ ബിജു ഫ്രാൻസിസ് എന്നയാളേയാണ് അറസ്റ്റ്ചെയ്തത്. കല്ലൂർക്കാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഏനാനല്ലൂർ, പാലിയത്തു വീട്ടിൽ ജിനു പോളിന് കാനഡയിൽ ജോലി വാഗ്ദാനം ചെയ്ത് വാഗ്ദാനം ചെയ്തും, കാനഡയിൽ വിസ ശരിയാക്കികിട്ടാൻ താമസം ആയതിനാൽ ഓസ്ട്രേലിയായിൽ വിസ ശരിയാക്കി കൊടുക്കാം എന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് പലപ്പോഴായി 1,56,500/- വിവധ ബാങ്ക് Account- കളിലേക്ക് ഡെപ്പോസിറ്റ് വാങ്ങയാണ് പ്രതി തട്ടിപ്പ് നടത്തിയത്.

പ്രതി സമാനമായ തട്ടിപ്പ് പാലക്കാട്, തൃശ്ശൂർ, വടകര എന്നിവിടങ്ങളിൽ നടത്തിയിട്ടുള്ളതും ജയിൽവാസം അനുഭവിച്ച് ജാമ്യത്തിൽ ഇറങ്ങി വീട്ടും തട്ടിപ്പ് നടത്തി വരുന്നതിനിടയിലാണ് കല്ലൂർക്കാട് പോലീസിൻെറ പിടിയിലായത്. തൊടുപുഴ ന്യൂമാൻ കേളേജിനടുത്ത് വാടകക്ക് താമസിച്ചു വന്നിരുന്ന പ്രതിയെ കല്ലൂർക്കാട് Sub Inspector Eby M P, ASI. Khader, SCPO- James Joseph- എന്നിവർ ചേർന്നാണ് അറസ്റ്റ് ചെയ്തത്.

പ്രതിയെ കോടതിയിൽ ഹാജരാക്കി മൂവാറ്റുപുഴ സബ്ബ്ജയിലിൽ റിമാൻെറ് ചെയ്തു.

